പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472 **13-10-2026-ൽ മറുപടിയ്ക്ക്**

പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഗ്രീവൻസ് കമ്മിറ്റി യോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പ്രസാദ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ (പി പി എസ്) ഗ്രീവൻസ് കമ്മിറ്റി ദീർഘകാലമായി യോഗം ചേർന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കയർ വില പുനർനിർണ്ണയിക്കുന്നതിനുള്ള സംസ്ഥാന സമിതി സ.ഉ (സാധാ) നം. 50/2025/ വ്യവ തീയതി 18/01/2025 പ്രകാരം പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും ചകിരി, കയർ എന്നിവ മാത്രമാണ് അതിൽ ഉൾപ്പെട്ടിരുന്നത്. അതിനാൽ ടി സമിതിക്ക് കയർ ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കാൻ കഴിയുമായിരുന്നില്ല. തുടർന്ന്, കയർ ഉൽപ്പന്നങ്ങളുടെ കൂടി വില നിർണ്ണയിക്കുന്നതിനുള്ള സമിതി രൂപീകരണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം. 350 /2026/വ്യവ തീയതി 15/03/2026 പ്രകാരം സമിതി പുനസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കയർ വികസന ഡയറക്ടർ ചെയർമാനും കയർ കോർപ്പറേഷൻ ചെയർമാൻ കൺവീനറുമായുള്ള ടി സമിതി, പുനസംഘടിപ്പിച്ച ശേഷം ഇതുവരെ യോഗം ചേർന്നിട്ടില്ല. നിലവിൽ കയർ കോർപറേഷൻ ചെയർമാൻ രാജിവെച്ച സാഹചര്യത്തിൽ, പുതിയ ചെയർമാൻ ചുമതലയേറ്റ ശേഷമേ സമിതി യോഗം ചേരുന്നതും കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുക സാധ്യമാവുകയുള്ളൂ.

(ബി) പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഗ്രീവൻസ് കമ്മിറ്റി യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിനും കയർ ഉൽപ്പന്നങ്ങൾക്ക് പുതുക്കിയ വില നിശ്ചയിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

മറുപടി: കയർ വില പുനർനിർണ്ണയിക്കുന്നതിനുള്ള സംസ്ഥാന സമിതി സ.ഉ (സാധാ) നം. 50/2025/ വ്യവ തീയതി 18/01/2025 പ്രകാരം പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും ചകിരി, കയർ എന്നിവ മാത്രമാണ് അതിൽ ഉൾപ്പെട്ടിരുന്നത്. അതിനാൽ ടി സമിതിക്ക് കയർ ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കാൻ കഴിയുമായിരുന്നില്ല. തുടർന്ന്, കയർ ഉൽപ്പന്നങ്ങളുടെ കൂടി വില നിർണ്ണയിക്കുന്നതിനുള്ള സമിതി രൂപീകരണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം. 350 /2026/വ്യവ തീയതി 15/03/2026 പ്രകാരം സമിതി പുനസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കയർ വികസന ഡയറക്ടർ ചെയർമാനും കയർ കോർപ്പറേഷൻ ചെയർമാൻ കൺവീനറുമായുള്ള ടി സമിതി, പുനസംഘടിപ്പിച്ച ശേഷം ഇതുവരെ യോഗം ചേർന്നിട്ടില്ല. നിലവിൽ കയർ കോർപറേഷൻ ചെയർമാൻ രാജിവെച്ച സാഹചര്യത്തിൽ,

പുതിയ ചെയർമാൻ ചുമതലയേറ്റ ശേഷമേ സമിതി യോഗം ചേരുന്നതും കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുക സാധ്യമാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ